സുന്നി ബാലവേദി അനുമോദന സദസ് 15ന്

തളിപ്പറമ്പ: സമസ്ത കേരള സുന്നി ബാലവേദി തളിപ്പറമ്പ് റൈഞ്ച് സമിതി നടത്തിയ ജ്ഞാനതീരം 18 വിജ്ഞാന പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ കെ. മുഹമ്മദ് ഫർഹാൻ (ഖുവ്വത്തുൽ ഇസ്ലാം, തളിപ്പറമ്പ), ടി. മുഹമ്മദ് ഇശാൻ (മദ്രസതുന്നൂർ, പുളിമ്പറമ്പ), പി.സി. സ്വാദിഖ് (ഖിദ്മത്തുൽ ഇസ്ലാം, മുക്കോല) എന്നിവർക്കുള്ള ഉപഹാര സമർപ്പണം 15ന് രാവിലെ എട്ട് മണിക്ക് ഹൈവേ ഹിദായത്തുൽ ഇസ്ലാം മദ്രസയിൽ നടക്കും. ചെയർമാൻ ശംസുദീൻ ഹസനി അധ്യക്ഷനാവും. മുസ്തഫ പൂക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്യും. സമസ്ത മുദരിബ് കെ.വി. ഇബ്രാഹിം മൗലവി ഉപഹാര സമർപ്പണം നടത്തും. ജ്ഞാനതീരം റൈഞ്ച് കൺട്രോളർ എ. അനസ് അസ്അദി ഏഴോം അനുമോദന പ്രഭാഷണം നടത്തും. ഹാശിം തങ്ങൾ, പി.പി. മുഹമ്മദ്കുഞ്ഞി മൗലവി, സി.പി. അബ്ദുറഹ്മാൻ ദാരിമി, ശഫീഖ് ദാരിമി വെള്ളിക്കീൽ സംസാരിക്കും.

അധ്യക്ഷത: ശ്രീ.ജി.വി ഹരി
ഉദ്ഘാടനം: ശ്രീ.കെ.സുധാകരൻ
മുഖ്യപ്രഭാഷണം: ശ്രീ. സതീശൻ പാച്ചേനി

സി.വി. അബ്ദുൾ ജലീൽ മാസ്റ്ററുടെ സ്ഥാനാരോഹണവും പ്രവർത്തക കൺവെൻഷനും കെ. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.

ദേശീയബോധമുള്ള യുവതലമുറ വളർന്നുവരണം: കെ. സുധാകരൻ

കണ്ണൂർ: ജവഹർ ബാലജന വേദിയുടെ ചെയർമാനായിരുന്ന സി.വി. അബ്ദുൾ ജലീൽ മാസ്റ്ററുടെ പ്രവർത്തക കൺവെൻഷനും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം. ചടങ്ങിൽ ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ചെയർമാൻ ജി.വി. ഹരി അധ്യക്ഷത വഹിച്ചു. ജില്ലാ ചെയർമാനായി സി.വി. ജലീൽ മാസ്റ്റർ ചുമതലയേറ്റു. സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ് അഭിനന്ദിനെ കെ. സുധാകരൻ ആദരിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറിമാരായ പി. രാമകൃഷ്ണൻ, സുമ ബാലകൃഷ്ണൻ, എ.പി. അബ്ദുള്ളകുട്ടി, സോണി സെബാസ്റ്റ്യൻ, മുഹമ്മദ് ബ്ലാത്തൂർ, ജോഷി കണ്ടത്തിൽ, രാഘവൻ കാഞ്ഞിരോളി, അഡ്വ. ലിഷ ദീപക്ക്, എം.പി. ശ്രീധരൻ സംസാരിച്ചു. ഡി.സി.സി. സെക്രട്ടറി മനോജ് കൂവേരി സ്വാഗതവും ബാലജനവേദി കോഡിനേറ്റർ രാഗേഷ് തില്ലങ്കേരി നന്ദിയും പറഞ്ഞു.

ആലക്കോടിന്റെ ചരിത്രത്തിൽ സ്ഥാനം പിടിച്ച 'കൊട്ടാരം ഔട്ട് ഹൗസും' ഓർമ്മയായി

ആലക്കോട് കൊട്ടാരം റോഡിലെ ഔട്ട് ഹൗസ് പൊളിച്ച് നീക്കുന്നു

ആലക്കോട്: ആലക്കോടിന്റെ കുടിയേറ്റ ചരിത്രത്തിൽ സ്ഥാനം നേടിയിരുന്ന ഒരു നിർമ്മിതി കൂടി കാലയവനികയിൽ മറഞ്ഞു. ആലക്കോട് ടൗണിലെ 'ഔട്ട് ഹൗസാ'ണ് ഓർമ്മയായി മാറിയത്. ആലക്കോട് പി.ആർ. രാമവർമ്മരാജയുടെ കൊട്ടാരത്തിലേക്കുള്ള കവാടത്തിനോട് ചേർന്ന് പതിറ്റാണ്ടുകളായി സ്ഥിതി ചെയ്തിരുന്ന ഔട്ട് ഹൗസ് കെട്ടിടമാണ് കഴിഞ്ഞ ദിവസം പൊളിച്ചു നീക്കിയത്. രാജയുടെ പേരിലുണ്ടായിരുന്ന സ്ഥലം വിൽപ്പന നടത്തിയതിനെ തുടർന്ന് സ്വകാര്യ വ്യക്തിയുടെ കൈവശമാണ് ഇപ്പോൾ. ഇവിടെ പുതിയ കെട്ടിടവും മറ്റും നിർമ്മിക്കുന്നതിന്റെ ഭാഗമായാണ് ജെ.സി.ബി ഉപയോഗിച്ച് ഔട്ട്ഹൗസ് പൊളിച്ച് മാറ്റിയത്. കാലപ്പഴക്കത്തെ തുടർന്ന് ഏറെക്കാലമായി തകർച്ചയിലായിരുന്നു ഈ കെട്ടിടം. കുടിയേറ്റത്തിന്റെ ആദ്യകാല ഘട്ടത്തിൽ രാമവർമ്മരാജയുടെ നേതൃത്വത്തിലാണ് കൊട്ടാരം ഗെയിറ്റിനോട് ചേർന്ന് ഔട്ട് ഹൗസ് നിർമ്മിച്ചിരുന്നത്. ആലക്കോടിന്റെ ഒരുപാട് ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷിയായി നിലകൊണ്ട ഔട്ട് ഹൗസും അവിടത്തെ കാവൽക്കാരുമെല്ലാം ഇന്നും ആലക്കോട്ടെ പഴയതലമുറയുടെ മനസുകളിലുണ്ട്. ഒരു കാലത്ത് ഈ ഗെയിറ്റും ഔട്ട് ഹൗസും കടന്നാണ് പ്രമുഖർ ഉൾപ്പെടെയുള്ളവർ അന്ന് ആലക്കോടിന്റെ സാമൂഹ്യ ചരിത്രത്തിൽ നിർണ്ണായക സ്ഥാനമുണ്ടായിരുന്ന പി. ആർ. രാമവർമ്മരാജയുടെ കൊട്ടാരത്തിലേക്ക് പോയിരുന്നത്. കാലക്രമേണ കൊട്ടാരം റോഡ് പൊതുറോഡായി മാറിയതോടെ ഗെയിറ്റ് നേരത്തെ തന്നെ നീക്കിയിരുന്നു.

സത്യൻ സ്മാരക വായനശാലയുടെ വാർഷികാഘോഷം ഇരിക്കൂർ ഗവ. ഹയർസെക്കണ്ടറി സ്കൂൾ പ്രധാനാധ്യാപകൻ മുരളീധരൻ പട്ടാന്നൂർ ഉദ്ഘാടനം ചെയ്യുന്നു.

വാർഷികാഘോഷം നടത്തി

ഇരിക്കൂർ: നടൻ സത്യന്റെ സ്മരണക്കായി സ്ഥാപിതമായ അലക്സ് നഗർ സത്യൻ സ്മാരക വായനശാലയുടെ 41-ാംമത് വാർഷികാഘോഷം വിവിധ പരിപാടികളോടെ നടത്തി. വായനശാല പ്രസിഡണ്ട് എം. ബാലന്റെ അധ്യക്ഷതയിൽ ഇരിക്കൂർ ഗവ. ഹയർസെക്കണ്ടറി സ്കൂൾ പ്രധാനാധ്യാപകൻ മുരളീധരൻ പട്ടാന്നൂർ ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ ഷിന്റോ ലൂക്കോ, സെന്റ് ജോസഫ് ചർച്ച് വികാരി ഫാ. ഷെൽട്ടൻ അപ്പോഴിപ്പറമ്പിൽ, ജില്ലാ ലൈബ്രറി കൗൺസിൽ ഭരണ സമിതിയംഗം പി. ജനാർദനൻ, എ.വി. നാരായണൻ, പി.ജെ. ജോയി, കെ.പി. സത്യഭാമ സംസാരിച്ചു. വായനശാല സെക്രട്ടറി ജോബി മാത്യു 2017-18 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് പ്രസിഡണ്ട് കെ.വി. ശശിധരൻ സ്വാഗതവും ഭരണസമിതിയംഗം സുനിൽകുമാർ എം.വി. നന്ദിയും പറഞ്ഞു. കുട്ടികളുടെ കലാപരിപാടികളും ഗ്രാമിക കണ്ണൂർ അവതരിപ്പിച്ച നാട്ടറിവ് പാട്ടുകളും നടത്തി.

അരിയിൽ ഈസ്റ്റ് എൽ.പി. സ്കൂൾ
ശതാബ്ദി
ആഘോഷം

അരിയിൽ ഈസ്റ്റ് എൽ.പി സ്കൂളിന്റെ ശതാബ്ദി ആഘോഷം ടി.വി.രാജേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

അരിയിൽ ഈസ്റ്റ് എൽ.പി സ്കൂൾ ശതാബ്ദി ആഘോഷം

അരിയിൽ: പാലേരിപ്പറമ്പ് അരിയിൽ ഈസ്റ്റ് എൽ.പി. സ്കൂളിന്റെ ശതാബ്ദി ആഘോഷം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലതയുടെ അധ്യക്ഷതയിൽ ടി.വി. രാജേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പൂർവ്വ അധ്യാപകരെയും നാടക, സിനിമ നടൻ സന്തോഷ് കീഴാറ്റൂരിനെയും ചടങ്ങിൽ ആദരിച്ചു. സ്കൂൾ ചരിത്രവും റിപ്പോർട്ട് അവതരണവും എച്ച്.എം.കെ. രാധാമണി ടീച്ചർ അവതരിപ്പിച്ചു. എ.ഇ.ഒ.കെ.പി. പുരുഷോത്തമൻ, ബി.പി.ഒ.എസ്.പി രമേശൻ, തളിപ്പറമ്പ നഗരസഭ കൗൺസിലർ എം. ചന്ദ്രൻ, പട്ടുവം പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ വി.വി. ചന്ദ്രൻ, പട്ടുവം ഗ്രാമപഞ്ചായത്ത് മെമ്പർ കെ. കദീജ പട്ടുവം, മുൻ പഞ്ചായത്ത് പ്രസിഡണ്ട് കെ. കരുണാകരൻ, തളിപ്പറമ്പ നഗരസഭ മുൻ വൈസ് ചെയർമാൻ ടി. ബാലകൃഷ്ണൻ, പി.വി. ഗിരിജ വല്ലി, കെ.വി. ഭാർഗവി, എം.വി. കാർത്ത്യായനി, കെ.വി. ജാനകി, പി.ടി.എ പ്രസിഡണ്ട് രതീശൻ, വികസന സമിതി ചെയർമാൻ എം.വി. ഗോപാലൻ, ടി. ചന്ദ്രൻ സംസാരിച്ചു.

അഭിരുചി നിർണ്ണയ പരീക്ഷ

തളിപ്പറമ്പ: സെന്റർ ഫോർ ഇൻഫർമേഷൻ ആന്റ് കരിയർ ആക്ടിവിറ്റീസ് (സഹായി തളിപ്പറമ്പ)യുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്കായി അഭിരുചി നിർണ്ണയ പരീക്ഷ നടത്തുന്നു.

തളിപ്പറമ്പ സീതിസാഹിബ് ഹൈസ്കൂളിൽ 21ന് രാവിലെ ഒമ്പത് മണിക്ക് ആരംഭിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447690235, 9961917287 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

എട്ട് വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിക്കാൻ 64 ലക്ഷം രൂപയുടെ ഭരണാനുമതി

പയ്യന്നൂർ: പയ്യന്നൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വരുന്ന വി.സി.ബികൾ (വെന്റ്ഡ് ക്രോസ് ബാർ) റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനായി ജലസേചന വകുപ്പിൽ നിന്നും 64 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതായി സി. കൃഷ്ണൻ എം.എൽ.എ അറിയിച്ചു.

ചെറുപുഴ പഞ്ചായത്തിലെ പാണ്ടിക്കടവ് വി.സി.ബി 25 ലക്ഷം, പയ്യന്നൂർ മുനിസിപ്പാലിറ്റി കുറ്റ്യോൽ വി.സി.ബി 15 ലക്ഷം, കാങ്കോൽ- ആലപ്പടമ്പ് പഞ്ചായത്തിലെ കരിങ്കുഴി ചെറിയ വി.സി.ബി 3.65 ലക്ഷം, മൂലയിൽ വി.സി.ബി അഞ്ച് ലക്ഷം, പെരിങ്ങോം വയക്കര പഞ്ചായത്തിലെ കക്കട്ട് താഴെ വി.സി.ബി 5 ലക്ഷം, വാച്ചാർ വി.സി.ബി 5 ലക്ഷം, കരിവെള്ളൂർ- പെരളം പഞ്ചായത്തിലെ കല്ലത്ത് കൈപ്പാട്ട് വി.സി.ബി 5 ലക്ഷം, കാനം വിരിപ്പ് വയൽ വി.സി.ബി ഒരു ലക്ഷം. പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഈ മേഖലകളിൽ നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കാനും, ജലസേചന സൗകര്യമില്ലാതെ വയൽ തരിശിടുന്നത് ഒഴിവാക്കാനും സാധിക്കും.

ആശാവർക്കേഴ്സ് കോൺഗ്രസ് ജില്ലാ സമ്മേളനം 28ന് കണ്ണൂരിൽ

കണ്ണൂർ: കേരള പ്രദേശ് ആശാവർക്കേഴ്സ് കോൺഗ്രസ് ഐ.എൻ.ടി.യു.സി കണ്ണൂർ ജില്ലാ സമ്മേളനം 28ന് രാവിലെ ഒമ്പത് മണി മുതൽ കണ്ണൂർ ഈക്കോസ് ഹാളിൽ നടത്തുവാൻ ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു. രാവിലെ 9.30ന് കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. സജീവ് ജോസഫ് ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡണ്ട് ജിൻസ് മാത്യു അധ്യക്ഷത വഹിക്കും. മെമ്പർഷിപ്പ് വിതരണോദ്ഘാടനം ഐ.എൻ.ടി.യു.സി ദേശീയ ഓർഗനൈസിങ്ങ് സെക്രട്ടറി കെ. സുരേന്ദ്രൻ നിർവഹിക്കും. യോഗത്തിൽ ജില്ലാ പ്രസിഡണ്ട് ജിൻസ് മാത്യു അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സുനിജ ബാലകൃഷ്ണൻ ഭാരവാഹികളായ സി.പി. ബിന്ദു, എം. ശകുന്തള, സുശീല കേശവൻ, കെ.വി. ജയശ്രീ, വി.ടി. അന്നമ്മ, ഷൈല കുമാരി, രാധാമണി നടുവിൽ, സിനി രാജേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

എസ്.കെ.എസ്.എസ്.എഫ് ട്രാൻസെൻഡ് സമാപിച്ചു

കണ്ണൂർ: എസ്.കെ.എസ്.എസ്.എഫ് ട്രെൻഡ് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ കീഴിൽ ഏകദിന ശിൽപ്പശാല ട്രാൻസെൻഡ് കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ നടന്നു. കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിനും പുതിയ പദ്ധതികൾ അവതരിപ്പിക്കുന്നതിനുമാണ് ട്രാൻസെൻഡ് സംഘടിപ്പിച്ചത്. കണ്ണൂർ യൂണിവേഴ്സിറ്റി ഡെപ്യൂട്ടി രജിസ്ട്രാർ കെ.പി. മുഹമ്മദ് ഉദ്ഘാടനം ചെയ്തു. ആധുനിക ഉപകരണങ്ങളെയും സാമൂഹിക മാധ്യമങ്ങളേയും ക്രിയാത്മകമായി പ്രയോജനപ്പെടുത്തി സമൂഹത്തെ ചലനാത്മകമാക്കാൻ തയ്യാറാകണമെന്ന് അദേഹം പറഞ്ഞു. സഊദ് പാനൂർ അധ്യക്ഷനായി. 'ട്രെൻഡ്: വിഷൻ ആന്റ് മിഷൻ', ബീ പോസിറ്റീവ് ഇൻ സൈബർ സ്പേസ് എന്നീ വിഷയങ്ങൾ എസ്.വി. മുഹമ്മദലി മാസ്റ്റർ, ശംറീസ് ഉസ്മാൻ എന്നിവർ അവതരിപ്പിച്ചു. സലീം ഹുദവി കോയിപ്ര കർമ്മ പദ്ധതി അവതരിപ്പിച്ചു. അഹമ്മദ് ബഷീർ ഫൈസി മാണിയൂർ, ഷഹീർ പാപ്പിനിശേരി, ഹംസ മാസ്റ്റർ മയ്യിൽ, ബഷീർ അസ്അദി നമ്പ്രം, ജലീൽ ഹസനി, നൂറുൽ പാപ്പിനിശേരി, സകരിയ അസ്അദി, റാഷിദ് പെരുമളാബാദ്, ബഷീർ അഹ്മദ്, അനസ് അസ്അദി, സുഹൈൽ ശ്രീകണ്ഠപുരം സംസാരിച്ചു.

SKSSF TREND
കണ്ണൂർ ജില്ല
TRANSCEND
ഏകദിന ശിൽപശാല
ജവഹർ ഓഡിറ്റോറിയം – കണ്ണൂർ

എസ്.കെ.എസ്.എസ്.എഫ് ജില്ലാ ട്രെൻഡ് ഏകദിന ശിൽപ്പശാല കണ്ണൂർ യൂനിവേഴ്സിറ്റി ഡെപ്യൂട്ടി രജിസ്ട്രാർ കെ.പി. മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു.

കെ.എം.സി.എസ്.യു തളിപ്പറമ്പ യൂണിറ്റ് സമ്മേളനം

തളിപ്പറമ്പ: കേരള മുനിസിപ്പൽ ആന്റ് കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ (കെ.എം.സി.എസ്.യു) തളിപ്പറമ്പ യൂണിറ്റ് സമ്മേളനം ബാംബുഫ്രഷ് ഹാളിൽ നടന്നു. നഗരസഭ പ്രതിപക്ഷ നേതാവ് കോമത്ത് മുരളീധരൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് എ. ആന്റണി അധ്യക്ഷനായി. വി. ഗീത രക്തസാക്ഷി പ്രമേയവും കെ.സി. ശരിത അനുശോചന പ്രമേയവും അവതരിപ്പിച്ചു. എ പ്രദീപ്കുമാർ പ്രവർത്തന റിപ്പോർട്ടും കെ.സുധീർ സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. പി.ആർ. സ്മിത, ടി. പ്രകാശൻ, എം. ചന്ദ്രൻ, വി.വി. കുഞ്ഞിരാമൻ, പി. പ്രകാശൻ, എം.പി. റഫീഖ് സംസാരിച്ചു. പി. പ്രദീപ്കുമാർ സ്വാഗതവും സജിത നന്ദിയും പറഞ്ഞു.

കേരള മുനിസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ
(KMCSU)
തളിപ്പറമ്പ് യൂണിറ്റ്
സമ്മേളനം
2018 ഏപ്രിൽ 11
കോമത്ത് മുരളീധരൻ

കെ.എം.സി.എസ്.യു തളിപ്പറമ്പ് യൂണിറ്റ് സമ്മേളനം കോമത്ത് മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ; യുവാവ് ചികിത്സാ സഹായം തേടുന്നു

പയ്യാവൂർ: കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വിധേയനാകുന്ന യുവാവ് ചികിത്സാ സഹായം തേടുന്നു. പയ്യാവൂരിലെ ജോൺസൺ കിഴങ്ങാട്ട് (43) എന്ന യുവാവാണ് ഉദാരമതികളുടെ സഹായം തേടുന്നത്. 2012ൽ ഉണ്ടായ അൾസർ രോഗമായിരുന്നു ജോൺസന്റെ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തിയത്. പിന്നീട് വർഷങ്ങളോളം ചികിത്സ നടത്തി. ഒടുവിൽ 2017ൽ രക്തം ഛർദിക്കാൻ തുടങ്ങിയ ജോൺസണെ പരിയാരത്ത് വിദഗ്ധ പരിശോധനക്ക് വിധേയമാക്കിയപ്പോൾ അന്നനാളത്തിലെ രക്തക്കുഴൽ പൊട്ടിയതായി ബോധ്യപ്പെട്ടു. രക്തക്കുഴലിന് ബാൻഡേജ് ഇട്ടെങ്കിലും മറ്റൊരു രക്തക്കുഴൽ കൂടി പൊട്ടാറായത് ജോൺസന്റെ ആരോഗ്യം മോശമാക്കി. പരിശോധനക്ക് വിധേയമാക്കിയപ്പോൾ ജോൺസണ് ലിവർ സിറോസിസ് ആണെന്ന് കണ്ടെത്തി. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ മാത്രമാണ് പരിഹാരം. ഭാര്യ ജോമോൾ കരൾ നൽകാൻ തയ്യാറാണ്. ഇതിനുള്ള പരിശോധനകളും തിരുവനന്തപുരം കിംസ് ആശുപത്രിയിൽ പൂർത്തിയായി. മറ്റ് തടസങ്ങളില്ലെങ്കിൽ 19ന് ശസ്ത്രക്രിയ നടത്തുമെന്നാണ് ശസ്ത്രക്രിയക്ക് നേതൃത്വം നൽകുന്ന ഡോ. വേണുഗോപാൽ അറിയിച്ചത്.

ഓപ്പറേഷന് മാത്രമായി 18 ലക്ഷം രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. നാല് വർഷത്തേക്കുള്ള തുടർ ചികിത്സക്കായി 22 ലക്ഷം രൂപ കൂടി ചിലവ് വരും. ഭാര്യയും ഏഴും പത്തും വയസുമുള്ള രണ്ട് മക്കളും അടങ്ങുന്നതാണ് ജോൺസന്റെ കുടുംബം. പിതാവ് കിടപ്പ് രോഗിയാണ്. കരൾ ദാതാവായ ഭാര്യക്ക് ശസ്ത്രക്രിയക്ക് ശേഷം നാളുകളുടെ വിശ്രമം വേണം. ചമതച്ചാൽ പള്ളി വികാരി ഫാ. സജി മെത്താനത്ത് രക്ഷാധികാരിയായി 51 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പയ്യാവൂർ ഫെഡറൽ ബാങ്കിൽ ജോൺസൺ കിഴങ്ങാട്ട് ചികിത്സാ സഹായ ഫണ്ട് എന്ന പേരിൽ അക്കൗണ്ടും തുറന്നിട്ടുണ്ട്. അക്കൗണ്ട് നമ്പർ: 20270100038897, ഐ.എഫ്.എസ്.സി കോഡ്: എഫ്.ഡി.ആർ.ഐ 0002027. ഫോൺ: 04602210244, 9544131316

തൊഴിലാളികളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകരുതെന്ന്

കണ്ണൂർ: സീനിയറായ തൊഴിലാളികളുടെ അർഹതപ്പെട്ട സ്ഥാനക്കയറ്റം യഥാസമയം നൽകാത്ത കെൽട്രോൺ ഡെപ്യൂട്ടി ജനറൽ മാനേജർക്ക് ജനറൽ മാനേജർ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ) സ്ഥാനക്കയറ്റം നൽകരുതെന്ന് ആവശ്യപ്പെട്ട് കെൽട്രോൺ എംപ്ലോയീസ് ഓർഗനൈസേഷനും ഡമോക്രാറ്റിക് കെൽട്രോൺ എംപ്ലോയീസ് യൂനിയനും വകുപ്പ് മന്ത്രിക്കും എം.ഡിക്കും മറ്റും നിവേദനം നൽകി. ഡെപ്യൂട്ടി ജനറൽ മാനേജറുടെ നിരുത്തരപരമായ സമീപനം മൂലം 1988ലെ വർക്ക്മാൻ പ്രമോഷൻ പോളിസി കരാർ പ്രകാരം സീനിയറായ തൊഴിലാളികൾക്ക് ദീർഘകാലത്തെ സേവനത്തിന് ശേഷം കണ്ണീരോടെ പടിയിറങ്ങേണ്ടി വന്നിട്ടുണ്ട്. ഇതിനെതിരെ സംഘടനകൾ സംയുക്തമായ പ്രക്ഷോഭം സംഘടിപ്പിച്ചതിനെ തുടർന്ന് കുറച്ചുപേർക്ക് സ്ഥാനക്കയറ്റം നൽകാൻ തയ്യാറായെങ്കിലും പിന്നീട് അതും ഉണ്ടായില്ല. ത്രികക്ഷി കരാർ പൂർണ്ണമായും പാലിക്കാതെ തന്നിഷ്ടപ്രകാരമാണ് ഈ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നത്. തുടർ നടപടികളുമായി കെൽട്രോൺ കണ്ണൂർ യൂണിറ്റ് എം.ഡി മുന്നോട്ട് പോകുകയാണെങ്കിൽ തൊഴിലാളി സംഘടനകൾ പ്രക്ഷോഭം ആരംഭിക്കുമെന്ന മുന്നറിയിപ്പും നൽകി.

പുളിയൂൽ ചീർങ്ങാട് ഭഗവതി ക്ഷേത്രം കളിയാട്ടം 29ന് ആരംഭിക്കും

തളിപ്പറമ്പ: പുളിയൂൽ ചീർങ്ങാട് ഭഗവതി ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠയും കളിയാട്ട മഹോത്സവവും 29, 30, മെയ് 1 തീയതികളിൽ നടക്കും. 29ന് രാത്രി 7 മണിക്ക് നൃത്തസന്ധ്യ, പി.രാജീവന്റെ സാംസ്കാരിക പ്രഭാഷണം. 30ന് പുലർച്ചെ 2.50നും 3.39നും ഇടയിൽ പുനഃപ്രതിഷ്ഠ, വൈകുന്നേരം 5 മണിക്ക് നരിക്കോട് തെരുവത്തൂർ ഭഗവതി കോട്ടത്തുനിന്നും ദീപവും തിരിയും എഴുന്നള്ളത്ത്, 6 മണിക്ക് കുളിച്ചുവരവ്, 7ന് ഇരുളും വെളിയും പാടൽ, 8ന് ധർമ്മദൈവം വെള്ളാട്ടം, 8.30ന് വെള്ളാട്ടം തിറ, 9ന് വിഷ്ണുമൂർത്തിയുടെ തോറ്റം, 11ന് കലശപ്പാട്ട്, 11.30ന് പാതിരാക്കലശം, 9.30ന് കാഴ്ചവരവ്, രാത്രി 10 മണിക്ക് പിലാത്തറ കുന്നുമ്പ്രം ദേശീയ കലാസമിതി അവതരിപ്പിക്കുന്ന ഡ്രമാറ്റിക് വിൽക്കാലമേള പാലെന്തായി കണ്ണൻ. മെയ് 1ന് രാവിലെ 7 മണിക്ക് മരുതിയോടൻ ഗുരുക്കൾ പുറപ്പാട്, 7.30ന് മൂർത്തി, 8ന് ഗുളികൻ ദൈവം പുറപ്പാട്, 8.30ന് കുറത്തിയമ്മയുടെ പുറപ്പാട്, 9ന് പുലച്ചാമുണ്ഡിയുടെ പുറപ്പാട്, 10ന് വിഷ്ണുമൂർത്തിയുടെ പുറപ്പാട്, 11ന് ധർമ്മദൈവത്തിന്റെ പുറപ്പാട്, 11.30ന് ചീർങ്ങാട് ചെറിയ ഭഗവതിയുടെയും വലിയ ഭഗവതിയുടെയും തിരുമുടി നിവരൽ, ഉച്ചക്ക് 2 മണിക്ക് ആറാടിക്കലോടുകൂടി കൂടിയാട്ടം, വൈകുന്നേരം 3 മണിക്ക് കളിയാംവള്ളി സമാപനം. കളിയാട്ട ദിവസം 12.30 മുതൽ അന്നദാനം ഉണ്ടായിരിക്കും.

മഴവെള്ള സംഭരണം കാര്യക്ഷമമാക്കണം

ശ്രീകണ്ഠപുരം: കേരളത്തിലെ ജലക്ഷാമം മുന്നിൽ കണ്ട് മഴവെള്ള സംഭരണം കാര്യക്ഷമമാക്കണമെന്ന് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ശ്രീകണ്ഠപുരം മേഖലാസമ്മേളനം ആവശ്യപ്പെട്ടു. ചൂളിയാട് നവോദയ വായനശാലയിൽ നടന്ന പ്രതിനിധി സമ്മേളനം കേന്ദ്രനിർവാഹകസമിതിയംഗം പി.വി. ദിവാകരൻ ഉദ്ഘാടനം ചെയ്തു. പി.വി.ശ്രീജ അധ്യക്ഷത വഹിച്ചു. എം.ഗിരീഷ് കുമാർ, കെ.വി. മുരളീധരൻ, ജില്ലാ സെക്രട്ടറി ഒ.സി. ബേബിലത, കെ.കെ.രവി, വി.മുകുന്ദൻ,കെ.സി. പത്മനാഭൻ, ബിജു നിടുവാലൂർ, എം.വി. നാരായണൻ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി കെ.വി. മുരളീധരൻ(പ്രസി.),എം.കെ. ഉണ്ണികൃഷ്ണൻ (സെക്രട്ടറി), എം.ഗിരീഷ് കുമാർ (ട്രഷറർ) തെരഞ്ഞെടുത്തു.

വിഷു കവിതാ സംഗമം 14ന്

കണ്ണൂർ: തായംപൊയിൽ സഫ്ദർ ഹാശ്മി സ്മാരക ഗ്രന്ഥാലയത്തിന്റെ 30-ാം വാർഷികം ആഘോഷത്തിന്റെ ഭാഗമായി വിഷു കവിതാ സംഗമം സംഘടിപ്പിക്കുന്നു. 14ന് വൈകീട്ട് മൂന്ന് മണിക്ക് ഗ്രന്ഥാലയത്തിൽ നടക്കുന്ന പരിപാടിയിൽ ഭാർഗവൻ പറശിനിക്കടവ്, ഭാസ്ക്കരൻ അരയാല, എ.എം. അനിത കടമ്പേരി, ആനോത്ത് മുകുന്ദൻ, ഹരിദാസ് പാലയാട്, ഹരിദാസ് കുറ്റ്യേരി, നിരഞ്ജന കുറുമാത്തൂർ, പ്രേമൻ അർപ്പാത്ത്, ബാലറാം മലപ്പട്ടം, ഹരിശങ്കർ മാസ്റ്റർ, വൽസൻ അഞ്ചാംപീടിക പ്രസംഗിക്കും.

വനിത ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്

തളിപ്പറമ്പിലെ പ്രമുഖ സ്ഥാപനത്തിലേക്ക് വനിതാ ഡി.ടി.പി ഓപ്പറേറ്ററെ ആവശ്യമുണ്ട്. ബന്ധപ്പെടുക.

Mob: 9847020331

ബഹുമാനപ്പെട്ട തളിപ്പറമ്പ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിൽ

O.P. (MV) No. 366/2017

താജുദ്ദീൻ - ഹരജിക്കാരൻ
അഷീഫ് എ.പി. മുതൽ പേർ - എതൃകക്ഷികൾ
അഷീഫ്. എ.പി, S/o. മുഹമ്മദ്. എം.പി,
കദീജ മൻസിൽ, പി.ഒ. ചെറുകുന്ന്, കണ്ണൂർ ജില്ല. } ഒന്നാം എതൃകക്ഷി

ടി. എതൃകക്ഷിക്ക് നോട്ടീസ്

മേൽ നമ്പർ ഹരജിയിൽ കെ.എൽ. 58 ബി 4757 നമ്പർ വാഹന ഉടമയായ ഒന്നാം എതൃകക്ഷിക്കുള്ള നോട്ടീസ് കൽപ്പന പതിച്ചു നടത്താൻ കൽപ്പിച്ച് കേസ് 17/4/2018 തീയ്യതിക്ക് വെച്ചിരിക്കുന്നുവെന്നും ടി തീയ്യതിക്ക് ഒന്നാം എതൃകക്ഷി നേരിട്ടോ വക്കീൽ മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ് പാർട്ടിയായി മേൽ നമ്പർ കേസ് കാര്യം തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ എല്ലാവരെയും അറിയിച്ചു കൊള്ളുന്നു.

എന്ന്, കൽപ്പനപ്രകാരം
എം.ജെ. സെബാസ്റ്റ്യൻ
ഹരജിക്കാരൻ ഭാഗം അഡ്വക്കറ്റ്, തളിപ്പറമ്പ

ബഹുമാനപ്പെട്ട തളിപ്പറമ്പ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിൽ

O.P. (MV) No. 367/2017

ഫാത്തിമ സന എന്നവർക്കുവേണ്ടി രക്ഷിതാവ്
പിതാവ് റാഷിദ് കെ.പി. , S/o. മുഹമ്മദ് കുഞ്ഞി } ഹരജിക്കാരൻ
അഷീഫ് എ.പി. മുതൽ പേർ - എതിർകക്ഷികൾ
അഷീഫ് എ.പി, S/o. മുഹമ്മദ് എം.പി,
കദീജ മൻസിൽ, പി.ഒ. ചെറുകുന്ന്, കണ്ണൂർ ജില്ല } ഒന്നാം എതൃകക്ഷി

മേൽ നമ്പർ ഹരജിയിൽ കെ.എൽ. 58 ബി 4757 നമ്പർ വാഹന ഉടമയായ ഒന്നാം എതൃകക്ഷിക്കുള്ള നോട്ടീസ് കൽപ്പന പതിച്ചു നടത്താൻ കൽപ്പിച്ച് കേസ് 17/4/2018 തീയ്യതിക്ക് വെച്ചിരിക്കുന്നുവെന്നും ടി തീയ്യതിക്ക് ഒന്നാം എതൃകക്ഷി നേരിട്ടോ വക്കീൽ മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ് പാർട്ടിയായി മേൽ നമ്പർ കേസ് കാര്യം തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ എല്ലാവരെയും അറിയിച്ചു കൊള്ളുന്നു.

എന്ന്, കൽപ്പനപ്രകാരം
എം.ജെ. സെബാസ്റ്റ്യൻ
ഹരജിക്കാരൻ ഭാഗം അഡ്വക്കറ്റ്, തളിപ്പറമ്പ

ഉപകാര സ്മരണ

വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സനേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്ക് വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ. (ഈ പ്രാർത്ഥന ദിവസം ഒമ്പത് പ്രാവശ്യം ചൊല്ലുക. എട്ട് ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏത് കാര്യവും സാധിക്കും. പത്ത് ദിവസം തുടർച്ചയായി ചൊല്ലിയാൽ അത് ഒരു നാളും സഫലമാകാതിരിക്കില്ല.

ത്രേസ്യാ,
മുറിയാത്തോട്